# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ ആയ ശ്രീ. രാമചന്ദ്രൻ.എസ് - ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

**സ.ഉ.(സാധാ) നം.2621/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം : 11/10/2018**

പരാമർശം : 1) ശ്രീ. രാമചന്ദ്രൻ.എസ്, സമർപ്പിച്ച 09/03/2017 തീയതിയിലെ ശൂന്യവേതനാവധി അപേക്ഷ.

2) മുഖ്യ നഗരാസൂത്രകന്റെ 07.05..2018 തീയതിയിലെ എ 1/1290/2018 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

നഗരഗ്രാമാസൂത്രണ വകുപ്പിലെ ഇടുക്കി ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ ആഫീസ് അറ്റൻഡന്റ്/ചെയിൻമാൻ തസ്തികയിൽ 5.1.2018 പൂർവാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. രാമചന്ദ്രൻ.എസ് മൂന്ന് വർഷ എൽ..എൽ.ബി കോഴ്സ് (2016 നവംബർ .1 മുതൽ 2019 ഒക്ടോബർ 31 വരെ) പഠിക്കുന്നതിനായി 01.02.2018 മുതൽ 31.12.2019 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം ഒന്ന് പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം രണ്ട് പ്രകാരം മുഖ്യ നഗരാസൂത്രകൻ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം കോഴ്സിന്റെ കാലാവധി 31.10.2019 വരെയായതിനാൽ ഇടുക്കി ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ ആഫീസ് അറ്റൻഡന്റ്/ചെയിൻമാൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. രാമചന്ദ്രൻ എസ്. എന്ന ജീവനക്കാരന് കോഴ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 01/02/2018 മുതൽ 31/10/2019 വരെ കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

<u>പകർപ്പ്:</u>

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം

ശ്രീ. രാമചന്ദ്രൻ.എസ്, ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ (മുഖ്യ നഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ